LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിഴിഞ്ഞം രാജ്യാന്തര കണ്ടെയ്നർ ടെർമിനൽ നിർമ്മാണത്തിന് അദാനി ഗ്രൂപ്പ് സമർപ്പിച്ച ബിഡിന് അംഗീകാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെയും മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് വന്ന നിർദ്ദേശത്തിന്റെയും പകർപ്പുകൾ അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(ബി) നിയമ വകുപ്പിന്റെയും സ്റ്റോർ പർച്ചേയ്സ് വകുപ്പിന്റെയും അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II, III ആയി വച്ചിട്ടുണ്ട്.*

വിഴിഞ്ഞം ടെർമിനൽ വികസനത്തിനായുള്ള പി.പി.പി. മോഡൽ ടെണ്ടർ

116 (2935) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ടെർമിനൽ വികസനത്തിനായുള്ള പി.പി.പി. മോഡലിന്റെ ടെണ്ടറിൽ ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ചർച്ച നടത്തി എഗ്രിമെന്റിലേർപ്പെടുന്നത്, ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടെണ്ടറിൽ ക്വാട്ട് ചെയ്യുന്നത് ഏക കമ്പനിയായിരിക്കുമ്പോൾ മത്സരാധിഷ്ഠിതമല്ലാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായ നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു ; അവ പാലിക്കപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അദാനിയുടെ ടെണ്ടർ ഉറപ്പിച്ചില്ലെങ്കിൽ വിഴിഞ്ഞം വികസനത്തിനുള്ള അവസാന അവസരമായിരിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെയടിസ്ഥാനം എന്തായിരുന്നു ; വ്യക്തമാക്കാമോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത ഏക കമ്പനിക്കുവേണ്ടി അദാനി സമ്മർദ്ദ തന്ത്രങ്ങൾ നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടർ ക്വാട്ട് ചെയ്തതിനുശേഷം ക്വാട്ട് ചെയ്ത ഏക കമ്പനിയുമായി ഒരു ചർച്ചയും നടത്തിയിട്ടില്ല. ചർച്ചകൾ നടന്നിട്ടുള്ളത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂട്ട് ചെയ്യുന്നതിനുമുമ്പ് ടെണ്ടർ നടപടി ചട്ടങ്ങളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ മാത്രമാണ്. ടെണ്ടറിൽ കൂട്ട് ചെയ്യേണ്ട അവസാന തീയതിക്ക് മുമ്പ് തന്നെ കരട് എഗ്രിമെന്റ് ബിഡ് വാങ്ങിയ മൂന്ന് കമ്പനികൾക്കും നൽകിയിട്ടുള്ളതും അതിൽ ഒരു മാറ്റവും അതിനുശേഷവും വരുത്തുവാൻ നിയമപരമായി സാധ്യത ഇല്ലാത്തതുമാണ്.

(ബി) വളരെ സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടിക്രമങ്ങളാണ് പദ്ധതിക്കായി പിന്തുടർന്നത്. ടെണ്ടറിൽ യോഗ്യതാ ഘട്ടത്തിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും അതിൽ മൂന്ന് കമ്പനികൾ RFP രേഖകൾ 8 ലക്ഷം രൂപ നൽകി വാങ്ങുകയും ചെയ്തു. കൂട്ട് ചെയ്തത് ഏക കമ്പനിയായിരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ചുള്ള വിദഗ്ധോപദേശം നിയമവകുപ്പിൽനിന്നും സ്റ്റോർ പർച്ചേസിൽനിന്നും പദ്ധതിയുടെ നിയമോപദേശകരിൽനിന്നും തേടിയിരുന്നു.

(സി) ഇത്തവണ (2015) വികസിപ്പിച്ചില്ലെങ്കിൽ പിന്നീടൊരിക്കലും വിഴിഞ്ഞം വികസനം സാധ്യമാവുകയില്ല എന്ന നിഗമനത്തിലെത്തിയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അദാനിയുമായി മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ച

117 (2936) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ കൂട്ട് ചെയ്ത അദാനി പോർട്ട്സ് ഉടമ അദാനിയുമായി മുഖ്യമന്ത്രി ഡൽഹിയിൽ വച്ച് നടത്തിയ കൂടിക്കാഴ്ച ഔദ്യോഗികമായിരുന്നുവോ ;

(ബി) അദാനിയുമായി കൂടിക്കാഴ്ച നടത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ; തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നുവോ ;

(സി) കൂടിക്കാഴ്ചയ്ക്കുവേണ്ടി മുഖ്യമന്ത്രി നടത്തിയ കറസ്പോണ്ടൻസ് എന്തൊക്കെയായിരുന്നു ; പ്രസ്തുത കൂടിക്കാഴ്ച യോഗത്തിന്റെ മിനിട്സിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഒരു വൻകിട പദ്ധതിയുടെ ടെണ്ടറിനു പങ്കെടുത്ത ഒരു കമ്പനി ഉടമയുമായി ഇത്തരത്തിൽ നടത്തിയ ചർച്ച ടെണ്ടർനായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വ്യവസ്ഥകളുടെ ഏത് വ്യവസ്ഥയനുസരിച്ചാണെന്നു വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly